## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 402 01.12.2015-ൽ മറുപടിയ്ക്ക്**

# രാജീവ് ഗാന്ധി ഗ്രാമീണ ത്വരിത വൈദ്യുതീകരണ പദ്ധതികൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) രാജീവ് ഗാന്ധി ഗ്രാമീണ ത്വരിത വൈദ്യുതീകരണ പദ്ധതികളിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയ്ക്ക് അനുവദിച്ച തുക എത്രയെന്നു വ്യക്തമാക്കുമോ ; | (എ) 2015-16 സാമ്പത്തിക വർഷം കൊല്ലം ജില്ലയിൽ ഈ പദ്ധതി നിലവിലില്ല. |
| (ബി) സാമ്പത്തികമായി പിന്നോക്ക അവസ്ഥയിലുള്ളവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്നു വ്യക്തമാക്കുമോ ; | (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ RGGVY (രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന)-ൽ ഉൾപ്പെടുത്തി സാമ്പത്തികമായി പിന്നോക്ക അവസ്ഥയിലുള്ളവർക്ക് കണക്ടഡ് പരിധിയില്ലാതെ സൗജന്യ ഗാർഹിക വൈദ്യുതി കണക്ഷൻ നൽകിയിരുന്നു. തിരുവനന്തപുരം, കോട്ടയം, എറണാകുളം ജില്ലകളിൽ നവംബർ 30 വരെയാണ് ഈ പദ്ധതിയുടെ കാലാവധി. കൂടാതെ പുതിയതായി നിലവിൽ വന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന) പ്രകാരം ഗ്രാമീണ മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപക്ഷകർക്ക് കണക്ഷനുകൾ നൽകാനാകും. |
| (സി) പുനലൂർ നിയോജക മണ്ഡല ത്തിലെ റോസ് മല ഗ്രാമത്തിലെ വൈദ്യുതീകണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ? | (സി) 28.01.2012 ലെ ബോർഡ് ഉത്തരവ് പ്രകാരം റോസ്മല പ്രദേശത്തെ വൈദ്യുതീകരണം ആർ.ജി.ജി.വി. വൈ.യിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ വനത്തിൽ കൂടി 11 കെ.വി. ഓവർഹെഡ് ലൈൻ നിർമ്മിക്കുന്നതിനുള്ള അനുമതി വനം വകുപ്പിൽ നിന്നും ലഭിച്ചില്ല. തുടർന്ന് ഓവർഹെഡ് ലൈനിനു പകരം UG കേബിൾ ഉപയോഗിച്ച് 10 കിലോമീറ്റർ ലൈൻ നിർമ്മിക്കുന്നതിനു വനം |

വകുപ്പിന്റെ അനുമതി തേടിയെങ്കിലും 9 കിലോമീറ്റർ നിർമ്മിക്കുന്നതിനു വേണ്ട അനുമതി മാത്രമെ ലഭിച്ചിട്ടുള്ളൂ. ഒരു കിലോമീറ്റർ ദൂരം ചെന്തുരുണി വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽ കൂടി കടന്ന് പോകുന്നതിനാൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേക അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല. കേന്ദ്ര സർക്കാരിന്റെ അനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതീകരണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.